# 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1942** **08-02-2023 - ൽ മറുപടിയ്ക്ക്**

## അതിർത്തി കടന്നുവരുന്ന പാലിലെ മായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മായം കലർന്ന പാൽ അതിർത്തി കടന്നുവരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | ഇത് തടയുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ കീഴിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നീ ചെക്ക്പോസ്റ്റുകളിൽ അതിർത്തി കടന്നു വരുന്ന പാൽ പരിശോധനയ്ക്കായുള്ള സംവിധാനമുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കുമളിയിലും (ഇടുക്കി), വാളയാറിലും (പാലക്കാട്) ചെക്ക്പോസ്റ്റുകളിൽ താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്.<br><br>പാലിന്റെ കൊഴുപ്പ്, കൊഴുപ്പിതര ഖരപദാർത്ഥങ്ങൾ എന്നിവ കൂടാതെ ഷുഗർ, സ്റ്റാർച്ച്, ഗ്ലൂക്കോസ്, മാൾട്ടോഡെക്സ്ട്രിൻ, യൂറിയ, ഹൈഡ്രജൻ പെറോക്സൈഡ്, ഫോർമാലിൻ, ബോറിക് ആസിഡ്, ബൈ കാർബണേറ്റ്സ്, ഹൈഡ്രോക്സൈഡ്സ് തുടങ്ങിയവ പാലിൽ അടങ്ങിയിട്ടില്ല എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്. പരിശോധനയിൽ പാൽ ഗുണമേന്മ ഇല്ലാത്തതാണെന്ന് കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ഫുഡ് സേഫ്റ്റി വകുപ്പിന് കൈമാറുകയാണ് ചെയ്യുന്നത്. ഗുണമേന്മ ഇല്ലാത്ത പാൽ കൊണ്ടുവരുന്നതിന്റെ പേരിൽ നിയമപരമായ നടപടികൾ എടുക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിനാണ് അധികാരമുള്ളത്.<br><br>മായം കലർന്ന പാൽ അതിർത്തി കടന്ന് ഉൾപ്പെടെ കേരളത്തിലെ വിപണികളിലെത്തിച്ച് വിൽപ്പന നടത്തുന്നുണ്ടോയെന്ന് പരിശോധിയ്ക്കുന്നതിന്റെ ഭാഗമായി ശേഖരിയ്ക്കുന്ന പാൽ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിലെത്തിച്ച് പരിശോധന നടത്തി വരുന്നു. പരിശോധനകളുടെ ഭാഗമായി ശേഖരിയ്ക്കുന്ന സാമ്പിളുകളിൽ സർവ്വയിലൻസായി ശേഖരിയ്ക്കുന്ന സാമ്പിളുകൾ പഠനാവശ്യത്തിനും സ്റ്റാറ്റ്യൂട്ടറിയായി ശേഖരിയ്ക്കുന്ന സാമ്പിളുകൾ പരിശോധിയ്ക്കുന്ന വേളയിൽ ഗുണനിലവാരം ഇല്ല എന്ന് പരിശോധനയിൽ ബോധ്യപ്പെടുന്ന സാഹചര്യത്തിൽ |

<table>
<tr><td></td><td></td><td></td><td>കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നു. പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായി കണ്ടെത്തുന്ന സാമ്പിളുകളിൽ കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന സാമ്പിളുകളിൽ കുറ്റക്കാർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടികളും സ്വീകരിച്ച് വരുന്നു</td></tr>
<tr><td>(സി)</td><td>പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏതെല്ലാം ചെക്ക് പോസ്റ്റുകളിൽ ഉണ്ടെന്ന് അറിയിക്കാമോ;</td><td>(സി)</td><td>ക്ഷീരവികസന വകുപ്പിന്റെ കീഴിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നീ ചെക്ക്പോസ്റ്റുകളിൽ അതിർത്തി കടന്നു വരുന്ന പാൽ പരിശോധനയ്ക്കായുള്ള സംവിധാനമുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കുമളിയിലും (ഇടുക്കി), വാളയാറിലും (പാലക്കാട്) ചെക്ക്പോസ്റ്റുകളിൽ താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്. പരിശോധനയിൽ പാൽ ഗുണമേന്മ ഇല്ലാത്തതാണെന്ന് കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ഫുഡ് സേഫ്റ്റി വകുപ്പിന് കൈമാറുകയാണ് ചെയ്യുന്നത്. ഗുണമേന്മ ഇല്ലാത്ത പാൽ കൊണ്ടുവരുന്നതിന്റെ പേരിൽ നിയമപരമായ നടപടികൾ എടുക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിനാണ് അധികാരമുള്ളത്.<br><br>ചെക്ക്പോസ്റ്റുകളിൽ പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഭക്ഷ്യ സുരക്ഷാ വകുപ്പിൽ നിലവിലില്ല. എന്നാൽ നിശ്ചിത ഇടവേളകളിൽ മൊബൈൽ ലാബിന്റെ സഹായത്തോട് കൂടി ചേക്ക്പോസ്റ്റുകളിൽ പരിശോധന നടത്തി വരുന്നു.</td></tr>
<tr><td>(ഡി)</td><td>അതിർത്തി കടന്നുവരുന്നതും ഗുണമേന്മ പരിശോധനയിൽ മായം കലർന്നതെന്ന് തെളിഞ്ഞതുമായ പാൽ പിടികൂടിയതിന് 2021 ജൂണിന് ശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്നത് ചെക്ക് പോസ്റ്റ് അടിസ്ഥാനത്തിൽ വിശദമാക്കാമോ?</td><td>(ഡി)</td><td><table>
<tr><th>ചെക്ക്പോസ്റ്റിന്റെ പേര്</th><th>നിശ്ചിത ഗുണമേന്മയില്ലാത്തതിനാൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് റിപ്പോർട്ട് ചെയ്തത്<br><br>(2021 ജൂണിന് ശേഷം നാളിതുവരെ)</th></tr>
<tr><td>മീനാക്ഷിപുരം (പാലക്കാട്)</td><td>2</td></tr>
<tr><td>ആര്യങ്കാവ് (കൊല്ലം</td><td>1</td></tr>
<tr><td>പാറശ്ശാല (തിരുവനന്തപുരം)</td><td>0</td></tr>
</table>
ക്ഷീരവികസന വകുപ്പ് നിശ്ചിത ഗുണമേന്മയില്ലാത്തതിനാൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരങ്ങൾ മേൽപറഞ്ഞ പ്രകാരമാണ്.<br><br>പാലിന്റെ ചെക്ക്പോസ്റ്റ് അടിസ്ഥാനമാക്കിയുള്ള പരിശോധനാ വിവരങ്ങൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രത്യേകം സൂക്ഷിച്ചിട്ടില്ല. ഭക്ഷ്യ സുരക്ഷാ വകുപ്പ് ഗുണമേന്മയില്ലാത്തതും, 2021 ജൂൺ മുതൽ നാളിതുവരെ 6728 പരിശോധനകൾ നടത്തുകയും പരിശോധനകളുടെ</td></tr>
</table>

| | | | |
|---|---|---|---|
| | | | ഭാഗമായി **592** സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും **2006** സർവ്വയിലൻസ് സാമ്പിളുകളും ശേഖരിയ്ക്കുകയുണ്ടായി. തുടർന്ന് നടത്തിയ ലാബ് പരിശോധനയിൽ **5** സാമ്പിളുകൾ **Unsafe** ആയും **24** സാമ്പിളുകൾ **Substandard** ആയും **5**സമ്പിളുകൾ **Misbranded** ആയും കണ്ടെത്തുകയുണ്ടായി. തുടർന്ന് ഇവർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകൾ **RDO** കോടതികളിലും പ്രോസിക്യൂഷൻ കേസുകൾ മജിസ്ട്രേറ്റ് കോടതികളിലും ഫയൽ ചെയ്യുകയുണ്ടായി. |

സെക്ഷൻ ഓഫീസർ